**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1413** **28-07-2021 - ൽ മറുപടിയ്ക്ക്**

**ചികിത്സാസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പാവപ്പെട്ട കാൻസർ രോഗികൾക്കും ആന്തരീക അവയവങ്ങളുടെ ചികിത്സ നടക്കുന്നവർക്കും മുഖ്യമന്ത്രിയുടെ ചികിത്സ സഹായ നിധിയിൽ നിന്നും നൽകിവരുന്ന തുക കാലോചിതമായി വർധിപ്പിച്ചു നൽകുന്നതിനു നടപടികൾ ഉണ്ടാകുമോ; | (എ) | നിലവിൽ പരിഗണനയിൽ ഇല്ല. എന്നാൽ 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദുരിതാശ്വാസ നിധിയിൽ നിന്ന് ജില്ലാകളക്ടർക്ക് അനുവദിക്കാ മായിരുന്ന തുക 2,000/- രൂപയിൽ നിന്ന് 10,000/- രൂപയായും റവന്യൂ മന്ത്രിക്ക് 5,000/- രൂപ വരെയെന്നത് 25,000/- രൂപയായും മുഖ്യമന്ത്രിയ്ക്ക് അനുവദിക്കാ മായിരുന്ന 1 ലക്ഷം രൂപ 3 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്, ഇതിനു പുറമേ റവന്യൂ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000/- രൂപ അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്. ധനസഹായ അർഹതയുള്ള കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി ഉയർത്തി. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000/- രൂപ വീതം അനുവദിച്ച് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകി. തീ പിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ പരമാവധി 1 ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽ ക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് 20,000/- രൂപയും നൽകി വരുന്നുണ്ട്. |
| (ബി) | ഇപ്രകാരമുള്ളവരുടെ ചികിത്സാ ആവശ്യങ്ങൾക്ക് വേണ്ടി പ്രത്യേക സഹായം ലഭ്യമാക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകുമോ; | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല |
| (സി) | കാൻസർ, വൃക്ക, ഹൃദ്രോഗം തുടങ്ങിയ | (സി) | നിലവിൽ പരിഗണനയിൽ ഇല്ല |

| | | | |
|---|---|---|---|
| | ചികിത്സകൾക്കായി കിടപ്പാടം പണയപ്പെട്ടുത്തി ജപ്തി ഭീഷണികൾ നേരിടുന്ന വരെ സഹായിക്കാൻ അതാതു മേഖലകളിൽ ഉള്ള കടാശ്വാസ കമ്മീഷൻ പദ്ധതിയിൽ മുൻഗണന നൽകുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ